# Y2K അഥവാ കാലഗണനയിലെ (പ്രതി)സന്ധികൾ

**ടി.സി. രാജേഷ്**

കാലത്തിന് എത്ര വയസ്സായി?

ഉത്തരം തേടി അനന്തതയിലേക്കു പോകേണ്ടി വരും. ബ്രഹ്മാവും വിഷ്ണുവും ശിവതത്വം തേടി ശിവലിംഗത്തിന്റെ ആദിയിലേക്കും അന്ത്യത്തിലേക്കും സഞ്ചരിച്ച പോലെ മുന്നോട്ടും പിന്നോട്ടും ഗണനപട്ടിക മറിക്കുന്ന ക്ഷണിക ബിന്ദു മാത്രമായിരുന്നു Y2K എന്ന രണ്ടായിരാമാണ്ട്.

പുതുനൂറ്റാണ്ട്

പുത്തൻ സഹസ്രാബ്ദം

ഒപ്പം, ലോകാവസാനമെന്ന ബാല്യകാലഭയവും

എന്തായിരുന്നു Y2K

അവൻ അന്തിക്രിസ്തുവായിരുന്നു

തർക്ക വിതർക്കങ്ങളിൽ കാലഗണന പിഴച്ചതാർക്ക് - കമ്പ്യൂട്ടറിനോ? കാലനോ? അതോ കാലത്തിനു തന്നെയോ? ഉത്തരം തേടേണ്ടതു മനുഷ്യനാണ്. ചിന്തയെ തിരസ്കരിച്ചാൽ മൃഗസമാനനാകുന്ന അവൻ തേടുന്നത് പരമമായ ഉത്തരങ്ങളല്ലെന്നു മാത്രം! അവനാവശ്യം അന്നന്നത്തെ അപ്പത്തിനുള്ള ഉത്തരങ്ങൾ മാത്രമാണ്. നാളെയുള്ള കരുതലില്ലായ്മ സൃഷ്ടിച്ച മഹത്തും ഭീതിദവുമായ സൂചകമായിരുന്നു അത് - Y2K. ഒടുവിൽ രണ്ടായിരത്തിനും രണ്ടുവർഷം ഇപ്പുറം നിന്ന് മനുഷ്യനെ നോക്കി അത് ചിരിക്കുന്നു.

രണ്ടായിരാമാണ്ടിൽ ലോകമവസാനിക്കുമെന്ന് ആരാണ് പറഞ്ഞത്? നമ്മളോരോരുത്തരും എന്നത്തരം വാഹനാപകടങ്ങളിലെ കൂട്ടമരണം മുതൽ വൻ ഭൂകമ്പങ്ങൾ വരെ മനുഷ്യജീവനപഹരിച്ചപ്പോൾ അവയെ അവസാനത്തിന്റെ സൂചകങ്ങളെന്ന് പഴമക്കാർ വിശേഷിപ്പിച്ചു. കാലം തെറ്റിയ കാലാവസ്ഥയും അവരുടെ നാവുകളിൽ ലോകാവസാനത്തിന്റെ ഇൻഡിക്കേറ്ററുകളായി. നോസ്ട്രഡാമസും പറഞ്ഞിരുന്നല്ലോ 1999ൽ മറ്റൊരു ലോകമഹായുദ്ധം സംഭവിക്കുമെന്ന്. കൗണ്ട് അപ് '99ൽ നിന്ന് '00ലേക്ക് ഡൗണാകുന്ന വിരോധാഭാസത്തിൽ സമനില തെറ്റിയ കമ്പ്യൂട്ടറുകൾ മിസൈലുകളുൾപ്പെടെയുള്ള വിനാശശക്തികളെ തുറന്നു വിടുമെന്നും 'വിദഗ്ധർ' ഭയന്നു. അതുമൊരു ലോകാവസാനത്തിന്റെ സാധ്യതയായി പലരും വിശ്വസിച്ചു

എന്നിട്ടും ആ ഡിസംബർ 31ന്റെ രാത്രിയിലും പലയിടത്തും ഉത്സവത്തിമിർപ്പായിരുന്നു. രണ്ടു സഹസ്രാബ്ദങ്ങളിൽ ജീവിക്കാൻ കഴിയുന്നതിന്റെ മഹാഭാഗ്യത്തെ തിന്നും കുടിച്ചും കൊണ്ടാടിയപ്പോൾ പുലർന്നത് അബോധലഹരിയുടെ പുതുവർഷമായിരുന്നു. 133 വർഷത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന നിറനിലാവിനെ ആസ്വദിക്കാൻ സൗന്ദര്യബോധവും പ്രകൃതി സ്നേഹവും ഉള്ളവർ പോലും വിമുഖത കാട്ടിയപ്പോൾ 'വാവും സംക്രാന്തിയുമില്ലാത്ത കാട്ടുകോഴികൾ' ഒഴിച്ചുള്ളവരൊക്കെ സഹസ്രാബ്ദ സംക്രമണത്തിന്റെ റിഡക്ഷനുകൾക്കു പിന്നാലെയായിരുന്നു

കാലം അനസ്യൂതവും അനന്തവുമാണ്. അവിടെ പ്രായത്തിനു പ്രസക്തിയില്ല. കാലത്തിനു നിത്യബാല്യമാണ്. നിത്യകൗമാരമാണ്, നിത്യ യൗവ്വനമാണ്........ ഇഷ്ടമുള്ളതെണ്ണിക്കൊള്ളുക. പക്ഷേ, പഠിക്കുന്ന കോളേജിന്റെപേരു മാത്രം ചോദിച്ചേക്കരുത്!

പതിറ്റാണ്ടുകൾക്കു മുമ്പുമാത്രം കണ്ടെത്തിയ കമ്പ്യൂട്ടറിന്റെ പിഴവിനെ അടിസ്ഥാനമാക്കിയും 1999 എന്ന നാലക്കത്തിനുമേൽ 2000 എന്ന പുതുക്കക്കാരൻ മേൽകൈ നേടുന്നതു കണക്കാക്കിയും പുത്തൻ നൂറ്റാണ്ട്\സഹസ്രാബ്ദവാദം രംഗപ്രവേശം ചെയ്തു. പലർക്കും അതൊരാഘോഷത്തിനുള്ള ഉപാധി മാത്രമായിരുന്നു. പാവം മൂന്നാം ലോക ജീവിയുടെ മനസ്സും ഈ സമ്പന്നവർഗത്തിനു പിന്നാലെ പോയി. വാദങ്ങളും എതിർ വാദങ്ങളും പത്രാധിപർക്കുള്ള കത്തുകളിൽ നിറഞ്ഞു നിന്നു. ചിലർ പറഞ്ഞു, യേശുക്രിസ്തുവിന്റെ ജനനവർഷത്തെ പൂജ്യം ആയിക്കണക്കാക്കി 12 മാസം കഴിഞ്ഞശേഷം വരുന്ന വർഷത്തെ ഒന്ന് എന്നെണ്ണണമെന്നും ആവിധ പരിശോധനയിൽ അത് 2001 -ാം ആണ്ട് ആണെന്നും, പക്ഷേ, ക്രൈസ്തവരേഖകൾ പറയുന്ന ക്രിസ്തു ജനിച്ചത് ബി.സി. ഏഴിനും എ.ഡി. നാലിനും ഇടയ്ക്കാണെന്ന്. അപ്പോൾ പിന്നെ ബി.സിയും എ.ഡിയുമല്ലാത്ത ആണും പെണ്ണും കെട്ട ഒരാണ്ടിലാണോ ക്രിസ്തു ജനിച്ചത്? എതാണു വിശ്വസിക്കുക? സംഖ്യകളിൽ ഒറ്റയാനായ പൂജ്യത്തിനു വിലയില്ലെന്നു സ്കൂളിൽ പഠിച്ചതു മറക്കണോ സർ? കേൾക്കാൻ രസമുണ്ടായിരുന്നു. ബി.സി.ക്കും എ.ഡിക്കും ഇടക്കു വലിയൊരു ശൂന്യത, വട്ടപ്പൂജ്യം!

കലണ്ടറുകളില്ലാതെ, ഋതുസംക്രമവും ഉദയാസ്തമനവും നോക്കി കാലം നിർണ്ണയിക്കുന്ന കുറേപ്പേർ ഈ തർക്കങ്ങളിൽ പെട്ടു തലപുണ്ണാക്കാതെ സ്വസ്ഥമായി തന്നെ ഉറങ്ങിയിട്ടുണ്ടാവുമെന്നു മറക്കാതിരിക്കുക.

**കമ്പ്യൂട്ടർ പ്രൊഫഷണലുകളെ വിറപ്പിച്ച Y2K വാദകോലാഹലങ്ങൾ സൃഷ്ടിച്ച സഹസ്രാബ്ദ സംക്രമണം........**
**മൂന്നാം സഹസ്രാബ്ദത്തിന്റെ തുടക്കം 2000_ലോ 2001_ലോ – കൃത്യമായ ഉത്തരം ഇന്നുമില്ല.**
**രണ്ടായിരത്തിൽ ലോകാവസാനമെന്ന പേടിയും എല്ലാവരെയും വിട്ടൊഴിഞ്ഞ പോലെ...**
**രണ്ടുവർഷം മുമ്പ് കത്തി നിന്ന ചില വിവാദങ്ങളിലേക്കും ഭയപ്പാടുകളിലേക്കും ഒരു തിരിഞ്ഞുനോട്ടം –**

ജനനത്തിന്റെയും മരണത്തിന്റെയും കാര്യത്തിൽ മനുഷ്യനു കാലഗണന തെറ്റുന്ന ഇക്കാലത്ത് 2000 ആണ്ടുകൾ പിന്നിലെ കാര്യം തെറ്റിയില്ലെങ്കിലെത്ര അത്ഭുതം.

കാലത്തിനു പിഴവു പറ്റിയിട്ടില്ല. അനാവശ്യമായി കാലഗണനകൾക്കു പിന്നാലെ പാഞ്ഞ് ഒച്ചയിട്ടവരായിരുന്നു പ്രശ്നക്കാർ. കണക്കെടുപ്പിനും വിളവെടുപ്പിനും വർഷസംക്രമത്തിന്റെ ഒന്നും രണ്ടും ദിനങ്ങൾ തെരഞ്ഞെടുക്കാതെ ഒരാണ്ടു മുഴുവൻ അതിനായി, സാവകാശം, മാറ്റി വച്ചിരുന്നെങ്കിൽ മാധ്യമങ്ങൾക്കെങ്കിലും ഇക്കാര്യത്തിൽ മാതൃകയാകാൻ കഴിയുമായിരുന്നു.



സഹസ്രാബ്ദത്തിനു വിട പറഞ്ഞിട്ടും പുതിയ ഒന്നിനു സ്വാഗതമോതിയിട്ടും, സുഹൃത്തേ, തലേന്നും പിറ്റേന്നും എനിക്ക് ഒരു പോലെ വിശന്നു, ഉറക്കം വന്നു. എനിക്കു പ്രത്യേകിച്ചൊന്നും അനുഭവപ്പെട്ടില്ല. എന്റെ കമ്പ്യൂട്ടറും Y2K ഓക്കെ! രണ്ടാണ്ടു കഴിഞ്ഞിട്ടും സ്ഥിതി അതു തന്നെ.

31.12.1999 അർധരാത്രി 11.59ന് വീശാൻ തുടങ്ങിയ കാറ്റ് യാതൊരു വേഗതാ വ്യത്യാസവുമില്ലാതെ 01.01.2000 പുലർച്ചെ 12.01നും വീശിക്കൊണ്ടിരുന്നതായി മുറ്റത്തു പൊഴിഞ്ഞുകിടക്കുന്ന ഒരില എന്നോടു പിറ്റേന്നു പറഞ്ഞു

സഹസ്രാബ്ദത്തിലെ ഉത്സവങ്ങളെല്ലാം ക്ഷണനേരമെങ്കിലും ശ്രദ്ധിക്കാൻ സമയം കിട്ടാതെ പോയ എന്നോട് കമ്പ്യൂട്ടർ ചോദിച്ചു: Y2K?

മൗസിൽ ക്ലിക്ക് ചെയ്തു.

കർസർ പൊസിഷനിൽ ഒരു വട്ടം

ബി.സിക്കും എ.ഡിക്കും ഇടക്ക് ഒരെലിപ്പൊത്തു പോലെ.

കമ്പ്യൂട്ടറിനു പുറം തിരിഞ്ഞിരുന്ന ഞാൻ അടുത്ത കോലാഹലത്തിലേക്ക് കൗണ്ട് ഡൗൺ തുടങ്ങി - 99,98,97 ...... ഛെ, തെറ്റി! 999-ൽ തുടങ്ങി 998,997, .... രണ്ടിലേതാണെങ്കിലും ഈ വർഷം തുടങ്ങണോ, അടുത്തയാണ്ടു മതിയോ? ശങ്കിച്ചു നിൽക്കാതെ തുടങ്ങി, പിന്നത്തേക്കു മാറ്റിയാൽ അതിനുമുമ്പ് ലോകമവസാനിച്ചാലെന്തു ചെയ്യും?...

രണ്ടാണ്ടു കഴിഞ്ഞിട്ടും ലോകമതുപോലെ തന്നെ!.....